**No. P 7/15**

**സ്വയംസ്ഥിതനും ആദ്യന്ത്യമില്ലാത്തവനും സാരാംശസമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കുസ്തുതി)**
**അന്ത്യോഖ്യായുടെയും കിഴക്കൊക്കെയുടെയും പരി.പത്രോസിന്റെ അപ്പോസ്തോലീക സിംഹാസനത്തിൻ കീഴിലുള്ള**
**യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭയുടെ കാതോലിക്കയും മെത്രാപ്പോലീത്തൻ ട്രസ്റ്റിയുമായ**

**ബസ്സേലിയോസ് തോമസ് പ്രഥമൻ**

പരി. അന്ത്യോഖ്യാ സിംഹാസനത്തിൻ കീഴിലുള്ള യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭയിലെ നമ്മുടെ സഹോദരന്മാരായ അഭി. മെത്രാപ്പോലീത്തന്മാർക്കും, നമ്മുടെ എല്ലാ പള്ളികളിലേയും ബഹു.വികാരിമാർക്കും, സഹവികാരിമാർക്കും, കൈക്കാരന്മാർക്കും, കമ്മറ്റിക്കാർക്കും, ഭക്തസംഘടനാ പ്രവർത്തകർക്കും, ശേഷം ജനങ്ങളുമാകുന്ന ആത്മീയ വാത്സല്യമക്കൾക്കും കർത്താവിൽ വാഴ്വ്.

**പ്രിയരെ,**

ഈ ലോക ജീവിതത്തെ അസ്വസ്ഥതയിലേക്കും, നിരാശയിലേക്കും തള്ളി വിടുന്നതായ അനേകം സംഭവങ്ങൾ നമ്മുടെ ദൈനംദിന ജീവിതത്തിൽ ഉണ്ടാകുമ്പോൾ *"നിങ്ങൾക്ക് സമാധാനം"* എന്ന ഉത്ഥിതനായ യേശുക്രിസ്തുവിന്റെ സന്ദേശം നമുക്ക് ഏറെ ആശ്വാസം നൽകുന്ന അനുഭവമാണ്. യേശുക്രിസ്തുവിന്റെ ക്രൂശുമരണവും, ഉയർത്തെഴുന്നേൽപ്പും മനുഷ്യരാശിയ്ക്ക് പുതുജീവനെ പ്രദാനം ചെയ്തു. ജീവിതം നിരാശപ്പെടാനുള്ളതല്ലെന്നും, പ്രത്യാശയോടെ കാത്തിരിക്കേതാണെന്നും ഉയിർപ്പ് പെരുന്നാൾ നമ്മെ ഒരിക്കൽകൂടി ഓർമ്മിപ്പിക്കുന്നു. നോമ്പിലൂടെയും ഉപവാസത്തിലൂടെയും നമ്മൾ പ്രാപിച്ചതായ ആത്മീയ ചൈതന്യം നമുക്കും മറ്റുള്ളവർക്കും പുണ്യപ്രവൃത്തികളാൽ പകർന്നു നൽകുവാൻ സാധിക്കണം. അങ്ങനെ ഉയിർപ്പ് പെരുന്നാൾ കേവലം ആഘോഷമായി അധഃപതിക്കാതെ പുനരുത്ഥാനത്തിന്റെ അർത്ഥതലങ്ങളിലേക്ക് സഞ്ചരിക്കുവാൻ നമുക്ക് ഇടയായിത്തീരട്ടെ.

*"അവൻ മരിച്ചവരുടെ ഇടയിൽനിന്ന് ഉയിർത്തെഴുന്നേറ്റു എന്നു വേഗം ചെന്ന് അവന്റെ ശിഷ്യന്മാരോട് പറവിൻ"* (മത്തായി 28:7) എന്നുള്ള സ്വർഗ്ഗീയ ശബ്ദം ശ്രവിക്കുമ്പോൾ ജീവിതത്തിലെ എല്ലാ പ്രയാസങ്ങളും പ്രതികൂല സാഹചര്യങ്ങളും മറികടന്ന് പുത്തൻ ഉണർവ്വോടെ ജീവിതം ക്രമപ്പെടുത്തുവാൻ നമുക്ക് ഭാഗ്യം ലഭിക്കട്ടെ. മനുഷ്യരാശിക്കുവേണ്ടി തന്റെ ജീവനെ നൽകുകയും മരണത്തെ അതിജീവിക്കുകയും ചെയ്ത യേശുക്രിസ്തുവിനോട് കൂടെ ഇനിയുള്ള നമ്മുടെ ജീവിതം ആയിരിപ്പാനും നമ്മുടെ കർത്താവ് ഉയർത്തെഴുന്നേറ്റ് ജീവിക്കുന്നു എന്ന സത്യം മറ്റുള്ളവരെ അറിയിക്കുവാനും അതോടൊപ്പം നമുക്ക് തന്നെയും നാം ജീവിക്കുന്ന സമൂഹത്തിനും അനുഭവവേദ്യമാകുവാനും ഈ ഉയിർപ്പ് പെരുന്നാൾ മുഖാന്തിരമായിത്തീരട്ടെ എന്ന് ആശംസിക്കുന്നു.

**വീണ്ടും പ്രിയരെ,**

പരി.സഭയുടെ കീഴിൽ പ്രവർത്തിച്ച് വരുന്ന പിറവം ബി.പി.സി. കോളേജ്, മലേക്കുരിശ് PIZ ട്രെയിനിംഗ് കോളേജ്, പിറമാടം ബി.പി.എസ്. കോളേജ്, ചേലാട് സെന്റ് ഗ്രിഗോറിയോസ് ദന്തൽ കോളേജ്, പുത്തൻകുരിശ് സെന്റ് തോമസ് ആർട്ട്സ് & സയൻസ് കോളേജ്, അതോടൊപ്പം കൂത്താട്ടുകുളത്ത് പ്രവർത്തിക്കുന്ന ബസ്സേലിയോസ് തോമസ് I കാതോലിക്കോസ് കോളേജ് ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജി, കോതമംഗലം ചെറിയപള്ളിയുടെ കീഴിൽ പ്രവർത്തിക്കുന്ന മോർ ബസ്സേലിയോസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി & സയൻസ് എന്നീ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അടുത്ത അദ്ധ്യയന വർഷത്തേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്ന വിവരം സന്തോഷപൂർവ്വം നാം നിങ്ങളെ അറിയിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് അതാത് കോളേജ് ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. സഭാ ആസ്ഥാനമായ പുത്തൻകുരിശ് പാത്രിയർക്കാ സെന്ററിൽ പ്രവർത്തിച്ചുവരുന്ന സെന്റ് ഗ്രിഗോറിയോസ് ദന്തൽ ക്ലിനിക്കിൽ വിദഗ്ധരായ ഡോക്ടർമാരുടെ സേവനം ലഭ്യമാണ്.

പരി.സഭയുടെ ആഭിമുഖ്യത്തിൽ പുത്തൻകുരിശ് പാത്രിയർക്കാ സെന്ററിൽ എല്ലാ മാസവും നടത്തപ്പെടുന്ന പ്രീമാരിറ്റൽ കോഴ്സ് വളരെ നല്ലതീരിയിൽ നടന്നുവരുന്നു. നമ്മുടെ സഭാമക്കളായ കുട്ടികൾ ആയത് പ്രയോജനപ്പെടുത്തുവാൻ മാതാപിതാക്കൾ പ്രത്യേകം ശ്രദ്ധിക്കണം. കോഴ്സിന്റെ വിശദ വിവരങ്ങൾ ഇതോടൊപ്പം അയക്കുന്നു.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടും കൂടെ സദാ വർത്തിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ വി.കന്യകമറിയാം അമ്മയുടേയും, സകല പരിശുദ്ധന്മാരുടേയും, ശുദ്ധിമതികളുടേയും, പ്രത്യേകാൽ ശ്ലീഹന്മാരുടെ തലവനായ വി. പത്രോസിന്റെയും, ഇന്ത്യയുടെ കാവൽ പിതാവായ മോർ തോമാശ്ലീഹായുടേയും പ്രാർത്ഥനകളാൽതന്നെ, ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ ......................

**ദൈവം അനുഗ്രഹിക്കട്ടെ**

പുത്തൻകുരിശ്
പാത്രിയർക്കാസെന്ററിൽനിന്നും
2015 മാർച്ച് മാസം 24-ാം തീയതി

**ബസ്സേലിയോസ് തോമസ് പ്രഥമൻ കാതോലിക്ക**